➪ *അന്നവൾ ഒരു നേതാവായി മാറിയിരുന്നുമില്ല* ➪

# മണിപ്പൂരിന്റെ ഹൃദയത്തിലെ ഇറോം ഷർമ്മിള

അഫ്സ്പ മൂവ്മെന്റിന്റെ 'പോസ്റ്റർ ഗേൾ' എന്ന പ്രതിച്ഛായ ഉപേക്ഷിച്ച്, ജനാധിപത്യ രീതിയിൽ വ്യത്യസ്തമായ ഒരു സമരത്തിന് അവൾ തുടക്കം കുറിക്കുകയാണെങ്കിൽ തീർച്ചയായും നമ്മൾ അവളെ ബഹുമാനിക്കണം. ശാരീരികവും മാനസികവുമായ ആരോഗ്യം ബലികൊടുത്തു കൊണ്ട് നടത്തിയ ആ സമരത്തിന്റെ പ്രതീകമായി ഇനിയും അവൾ തുടരും.

**തെരേസ റഹ്മാൻ**

**ഇറോം** ഷർമ്മിള ചാനുവിനെ കണ്ടുമുട്ടിയപ്പോഴെല്ലാം ലൂയിസ് കരോളിന്റെ ആലീസ് ഇൻ വണ്ടർലാന്റിനെ ഓർമ്മിപ്പിക്കും വിധം മറ്റേതോ ലോകത്ത് എത്തിയതുപോലെ എനിക്ക് അനുഭവപ്പെടാറുണ്ട്. ഷർമ്മിളയുടെ ജയിൽ ആയിരുന്ന ഇംഫാലിൽ ജെ.എൻ ആശുപത്രിയിലെ ആ ഒറ്റപ്പെട്ട വാർഡിൽ ടിക്-ടിക് ശബ്ദത്തോടെ ചുമരിൽ തൂങ്ങിയിരുന്ന ആ ഘടികാരം ഞാൻ ഓർക്കുന്നു. മൂക്കിലൂടെ കടന്നുപോകുന്ന ഭക്ഷണക്കുഴലുമായി ഏറെക്കാലം ആ മുറിയിൽ അവൾ തടങ്കലിലാക്കപ്പെട്ടതിന് സാക്ഷിയായിരുന്നു ആ ഘടികാരം. പോലീസുകാർ മുതൽ പ്രസിദ്ധരായവർ വരെ നീളുന്ന അവളുടെ അതിഥികളെയെല്ലാം കണ്ടിട്ടുള്ളതും ആ ഘടികാരമാണ്. മണിപ്പൂരിന്റെ ചരിത്രത്തിലെ ഏറ്റവും കീർത്തികേട്ട ഒരു തടവുകാരിയെ പാർപ്പിച്ചതിലൂടെ ആ ആശുപത്രി മുറിതന്നെ ഒരു അപൂർവ്വ വസ്തുവായി മാറി. ഒരൽപ്പം ഭക്ഷണം പോലും ഉള്ളിലേക്കെടുക്കാൻ തയ്യാറാകാതെ 16 വർഷമായി സമാധാനപൂർണ്ണമായ പ്രക്ഷോഭം നയിക്കുന്ന അവളുടെ ശാന്തവും പ്രസന്നവുമായ മുഖം ഇന്ത്യയിലെമ്പാടുമുള്ള ജനങ്ങൾക്ക് പരിചിതമായ, ശക്തമായൊരു പ്രതീകമായി മാറിയിരിക്കുന്നു. പട്ടാളത്തിന് പ്രത്യേകാധികാരങ്ങൾ നൽകുന്ന ഭീകര നിയമത്തിനെതിരെ (അഫ്സ്പ) 2000 നവംബറിൽ തുടങ്ങിയ ഷർമ്മിളയുടെ പോരാട്ടം ലോകത്തിലെ തന്നെ ഏറ്റവും ദൈർഘ്യമേറിയ നിരാഹാര സമരമായാണ് പരിഗണിക്കപ്പെടുന്നത്.

ജെ.എൻ ഹോസ്പിറ്റലിൽ നിന്നും കുറച്ചുദൂരം മാത്രമേ സ്ത്രീകൾ കച്ചവടം നടത്തുന്ന ഇമ കെയ്ത്തൽ മാർക്കറ്റിലേക്കുള്ളൂ. കർഫ്യൂവോ, കൊലയോ, സ്ഫോടനങ്ങളോ ഇല്ലാത്തപ്പോഴെല്ലാം അവിടെ കച്ചവടം വളരെ സജീവമാണ്. ഒരു യുദ്ധത്തെ ഓർമ്മിപ്പിക്കുംവിധമുള്ള, എ.കെ. 47 തോക്കേന്തിയ കറുത്ത വസ്ത്രമണിഞ്ഞ കമാൻഡോകളുടെ സ്ഥിരസാന്നിധ്യം മണിപ്പൂരിൽ ഒരു പതിവ് കാഴ്ചയാണ്.

നേരിൽക്കണ്ടപ്പോഴെല്ലാം ഷർമ്മിളയെ ഒരു സ്ത്രീ എന്ന നിലയിൽ മനസ്സിലാക്കുന്നതിനാണ് ഞാൻ കൂടുതലും ശ്രമിച്ചിരുന്നത്. അന്നവൾ ഒരു നേതാവായി മാറിയിരുന്നുമില്ല. നേരിട്ടറിയാത്ത മനുഷ്യരെപ്പോലും സഹായിക്കുന്നതിനുള്ള ത്വര അവളുടെ കണ്ണുകളിൽ കാണാമായിരുന്നു. അവളുടെ ചുരുണ്ട മുടിയിഴകൾ എപ്പോഴും അഴിച്ചിട്ടിരിക്കുന്നത് എന്തി

(വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന ഒരു മാദ്ധ്യമ പ്രവർത്തകയാണ് തെരേസ റഹ്മാൻ. കടപ്പാട്: ബിസിനസ് ലൈൻ).

*➪ എന്നാൽ മണിപ്പൂരിന്റെ ഈ പുത്രിയുടെ നിശ്ചയദാർഢ്യത്തിന് മുന്നിൽ സമയം പോലും നിശ്ചലമായി നിന്നു ➪*





നാണെന്ന് ഞാൻ അവളോട് ഒരിക്കൽ ചോദിച്ചു. അവളുന്നയിച്ച ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നതുവരെ മുടിപിന്നുന്നതിനോ കണ്ണാടിയിൽ മുഖം നോക്കുന്നതിനോ ശ്രമിക്കില്ലെന്ന് ഒരു ശപഥമുണ്ടെന്നായിരുന്നു ഷർമ്മിളയുടെ മറുപടി. സൗന്ദര്യവർദ്ധക വസ്തുക്കളൊന്നും ഉപയോഗിക്കാതെ വളരെ സാധാരണമായി കഴിയുന്നതിനാണ് അവൾ ഇഷ്ടപ്പെട്ടിരുന്നത് എന്ന് അവളുടെ സഹോദരൻ സിൻഹജിത്ത് സിൻഹ എന്നോട് പറഞ്ഞു.

1972 മാർച്ച് 14ന് ജനിച്ച ഷർമ്മിളയ്ക്ക് വളരെ വ്യവസ്ഥാപിതമായ ഒരു കുട്ടിക്കാലമായിരുന്നു ഉണ്ടായിരുന്നത്. ഏഴു കുട്ടികളിൽ ഏറ്റവും ഇളയതായിരുന്ന അവൾ അന്നേ ഒരു പുസ്തകപ്പുഴുവായിരുന്നു. "മതങ്ങളെക്കുറിച്ചും ലോക നേതാക്കന്മാരെക്കുറിച്ചുമുള്ള പുസ്തകങ്ങൾ അവൾ വായിച്ചിരുന്നു. ദരിദ്രരോടും നിരാലംബരോടും വലിയ സഹാനുഭൂതിയായിരുന്നു അവൾക്ക്", സിൻഹജിത്ത് സിൻഹ ഓർമ്മിക്കുന്നു. 2000ൽ നിരാഹാര സമരം തുടങ്ങുമ്പോൾ കുറച്ചുദിവസത്തേക്ക് മാത്രമേ അത് നീളുകയുള്ളൂ എന്നാണ് പ്രതീക്ഷിച്ചിരുന്നതെന്നും ഉപവാസം അവസാനിപ്പിക്കാൻ നിർബന്ധിക്കരുതെന്ന് അവൾ നേരിൽക്കാണുമ്പോഴെല്ലാം പറഞ്ഞിരുന്നുവെന്നും അയാൾ ഓർമ്മിക്കുന്നു.

വളരെ മിതമായ ഒരു ജീവിതത്തിന് ഷർമ്മിള സ്വയം സമർപ്പിക്കപ്പെട്ടിട്ട് 16 വർഷം പിന്നിട്ടിരിക്കുന്നു. ഈ കാലത്തിനിടയിൽ ഒരുപാട് മാറ്റങ്ങൾ എങ്ങും സംഭവിച്ചു. ചെറിയ കുട്ടികൾ വലിയ സ്ത്രീ-പുരുഷന്മാരായി മാറി. ചെറുപ്പക്കാരികളായ അമ്മമാർ മധ്യവയസ്കരായ അമ്മായിഅമ്മമാരായി. പ്രായമേറിയ മുത്തശ്ശിമാർ പലരും മരണപ്പെട്ടു. വിവാഹങ്ങളും ശവസംസ്കാര ചടങ്ങുകളും മണിപ്പൂരിൽ ഏറെ നടന്നു. എന്നാൽ മണിപ്പൂരിന്റെ ഈ പുത്രിയുടെ നിശ്ചയദാർഢ്യത്തിന് മുന്നിൽ സമയം പോലും നിശ്ചലമായി നിന്നു. 'അസ്വസ്ഥ പ്രദേശങ്ങൾ' എന്ന് അവർ വിളിക്കുന്ന സ്ഥലങ്ങളിൽ പട്ടാളത്തിന് പ്രത്യേക അധികാരം നൽകുന്ന അഫ്സ്പ നിയമത്തിനെതിരായ പ്രതിരോധങ്ങളുടെ ഒരു പ്രതീകമായി ഈ നീണ്ടകാലത്തിനിടയിൽ അവൾ മാറി. കാലം കടന്നുപോകും തോറും ദൃഢനിശ്ചയത്തിന്റെ പേരിൽ അവൾ ആഘോഷിക്കപ്പെട്ടുകൊണ്ടേയിരുന്നു. അവളുടെ ഉപവാസം ഒരു ദശകം പിന്നിട്ടപ്പോൾ നടന്ന ചടങ്ങുകൾ ഒരു അസാധാരണ സംഭവമായിരുന്നു. ഇന്ത്യയുടെ വിവിധ കോണുകളിൽ നിന്നെത്തിയ മനുഷ്യാവകാശ പ്രവർത്തകർ അന്ന് ഇംഫാലിൽ അണിനിരന്നു. അവളെക്കുറിച്ചുള്ള ഒരു നാടകം അവതരിപ്പിക്കപ്പെട്ടു. അവളുടെ കവിതക

ളുടെ ഒരു സമാഹാരവും അന്ന് പുറത്തിങ്ങി. ഷർമ്മിളയുടെ ഉപവാസത്തിന്റെ പത്താം വാർഷികത്തിന് പിന്തുണ പ്രഖ്യാപിക്കുന്ന വിവിധ പരിപാടികളുടെ പത്രക്കുറിപ്പുകൾ സ്ഥിരമായി ഓഫീസിലേക്കെത്തിയിരുന്നത് ഒരു പത്രപ്രവർത്തക എന്ന നിലയിൽ ഞാൻ ഓർമ്മിക്കുന്നു.

ആറു വർഷം മുമ്പ് ഞാൻ അവളെ അവസാനമായി കാണുമ്പോൾ, സമരത്തെക്കുറിച്ചുള്ള ആശങ്കകൾ ഞങ്ങളുടെ സംഭാഷണത്തിൽ വല്ലാതെ കടന്നുകൂടി. അതേ ആശുപത്രി മുറി തന്നെയായിരുന്നു സ്ഥലം. സമയത്തിന്റെ കുരുക്കിൽ കുരുങ്ങിയ അവൾ അതിൽ നിന്നും വല്ലാതെ രക്ഷപെടാൻ ശ്രമിക്കുന്നതായി അന്ന് എനിക്ക് അനുഭവപ്പെട്ടു. ഞങ്ങൾ അന്ന് ഒരുപാട് കാര്യങ്ങൾ സംസാരിച്ചു – അവൾ വായിക്കുന്ന പുസ്തകങ്ങളെക്കുറിച്ച്, അവളുടെ കവിതയെക്കുറിച്ച്, ചട്ടിയിൽ വളർത്തുന്ന ചെടികളെക്കുറിച്ച്, അവൾക്ക് ലഭിച്ച സമ്മാനങ്ങളെക്കുറിച്ച്... അതിൽത്തന്നെയുള്ള ചില കളിപ്പാട്ടങ്ങൾകൊണ്ട് അവൾ ആ മുറി അലങ്കരിച്ചിരുന്നു. അതിൽ ഒരു പാവക്കുട്ടി കെട്ടിപ്പിടിച്ചുകൊണ്ട് അവൾ എന്നെ നോക്കി ചിരിച്ചു. ഭിത്തിയിൽ തൂങ്ങിയിരുന്ന ഘടികാരത്തെ നോക്കി അവൾ പറഞ്ഞു, "ഈ മുറിയിൽ എനിക്ക് ഏറ്റവും പ്രധാനപ്പെട്ടത് ഈ ക്ലോക്കാണ്. പ്രത്യേകിച്ച് രാത്രികളിൽ, അതിൽ സമയം നോക്കി ഞാൻ ഏറെ നേരം ഇരിക്കാറുണ്ട്". ആശുപത്രിയിലെ മറ്റ് രോഗികളും സന്ദർശകരും ഒരു അത്യപൂർവ്വ 'വസ്തു'വിനെപ്പോലെ പലപ്പോഴും തുറിച്ചുനോക്കുന്നതിനാൽ പകൽ അവൾ ഈ മുറിക്കുള്ളിൽ തന്നെയാണ് കഴിയാറുള്ളത്. കൊല്ലുന്നതിന് സമാനമാണ് ആ ഏകാന്തത. രാത്രികളിൽ അവൾക്ക് ഉറക്കം നഷ്ടപ്പെടുന്നത് പതിവാണ്. അപ്പോഴാണ് അവൾ പതിവായി സമയം നോക്കാറുള്ളതും വരാന്തയിലൂടെ ഒറ്റയ്ക്ക് നടക്കുന്നതും.

എല്ലാവരെയും സാന്ത്വനിപ്പിക്കുന്നതിനുള്ള അത്യപൂർവ്വശേഷി ഷർമ്മിളയ്ക്കുണ്ടായിരുന്നു. നേരിൽ കണ്ടപ്പോഴെല്ലാം ഒരു നല്ല സുഹൃത്തിനെപ്പോലെ അവൾ എന്നെ ആശ്വസിപ്പിച്ചിരുന്നു. വ്യക്തിപരമായ വിശേഷങ്ങളും ഇഷ്ടങ്ങളും ഞങ്ങൾ പരസ്പരം പങ്കുവച്ചു. ഘടികാരത്തിലേക്ക് ഇടയ്ക്കിടെ പാളിയ അവളുടെ നോട്ടങ്ങൾ ഞാൻ കണ്ടുപിടിച്ചപ്പോഴെല്ലാം അവൾ ചിരിച്ചു. പുറമേ കാണുന്ന ശാന്തതയ്ക്ക് പിന്നിലെ അവളുടെ പ്രക്ഷുബ്ധമായ മനസ്സ് എനിക്ക് കാണാമായിരുന്നു. അഫ്സ്പ ഇല്ലാത്ത ഒരു പ്രഭാതം മണിപ്പൂരിൽ പൊട്ടിവിടരുന്നതു കാണാൻ അവൾ ആകാംക്ഷയോടെ കാത്തിരുന്നു. ആരും മരണത്തെ ഭയക്കാത്ത ഒരു മണിപ്പൂരിനായി അവൾ കാത്തിരുന്നു. അമ്മയോടും സഹോദരങ്ങളോടുമൊപ്പം ഭക്ഷണം കഴിക്കാൻ കഴിയുന്ന ഒരു ദിവസത്തിനായി അവൾ കാത്തിരുന്നു.

16 വർഷം നീണ്ടുനിന്ന ഉപവാസം അവസാനിപ്പിക്കാൻ പോവുകയാണെന്നും തെരഞ്ഞെടുപ്പിൽ മത്സരിക്കാനും വിവാഹം കഴിക്കാനും ആഗ്രഹിക്കുന്നതായുമുള്ള ഷർമ്മിളയുടെ പെട്ടെന്നുള്ള വെളിപ്പെടുത്തൽ എല്ലാവരെയും അത്ഭുതപ്പെടുത്തി. ദേശീയ മാദ്ധ്യമങ്ങളുടെ ശ്രദ്ധ അവളിലേക്ക് തിരിഞ്ഞു. ആ തീരുമാനം എന്നെ അത്ഭുതപ്പെടുത്തിയില്ല. സ്വതന്ത്രമായി തീരുമാനങ്ങളെടുക്കാൻ ശേഷിയുള്ള ബുദ്ധിമതിയായ സ്ത്രീയായിരുന്നു അവൾ. വിജയം നേടുന്നതിനായി അവൾ സമരതന്ത്രം മാറ്റി പരീക്ഷിക്കുന്നതിനെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുന്നു. ഫലപ്രാപ്തിയിലെത്താൻ കഴിയാതെ പോയ ഒരു സമരത്തിനായി ഇത്രയും നാൾ ജീവിതം സമർപ്പിച്ചതിന് അവളെ നമ്മൾ ഉറപ്പായും ബഹുമാനിക്കേണ്ടതുണ്ട്. ഇത്രയും കാലത്തെ ഏകാന്തവാസം, രാഷ്ട്രീയത്തിന്റെ ഇരുണ്ട ലോകം കൈകാര്യം ചെയ്യുന്നതിന് ഈ ദൃഢചിത്തയായ യുവതിക്ക് ഒരു തടസ്സമാകുന്നുണ്ടാകാം. എന്നാലും ലക്ഷ്യപൂർത്തീകരണത്തിനായി അവൾ വളരെ ജനാധിപത്യപരമായ മറ്റൊരു വഴി തിരഞ്ഞെടുത്തിരിക്കുകയാണ്. ഒരു ഇന്ത്യൻ പൗര എന്ന നിലയിൽ അവൾക്ക് അതിനുള്ള എല്ലാ അ

16 വർഷം നീണ്ടുനിന്ന ഉപവാസം അവസാനിപ്പിക്കാൻ പോവുകയാണെന്നും തെരഞ്ഞെടുപ്പിൽ മത്സരിക്കാനും വിവാഹം കഴിക്കാനും ആഗ്രഹിക്കുന്നതായുമുള്ള ഷർമ്മിളയുടെ പെട്ടെന്നുള്ള വെളിപ്പെടുത്തൽ എല്ലാവരെയും അത്ഭുതപ്പെടുത്തി. ദേശീയ മാദ്ധ്യമങ്ങളുടെ ശ്രദ്ധ അവളിലേക്ക് തിരിഞ്ഞു. ആ തീരുമാനം എന്നെ അത്ഭുതപ്പെടുത്തിയില്ല. സ്വതന്ത്രമായി തീരുമാനങ്ങളെടുക്കാൻ ശേഷിയുള്ള ബുദ്ധിമതിയായ സ്ത്രീയായിരുന്നു അവൾ. വിജയം നേടുന്നതിനായി അവൾ സമരതന്ത്രം മാറ്റി പരീക്ഷിക്കുന്നതിനെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുന്നു.

വകാശങ്ങളുമുണ്ട്. 2014ൽ രണ്ട് രാഷ്ട്രീയ പാർട്ടികൾ തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ ക്ഷണിച്ചിരുന്നെങ്കിലും അവൾ അത് നിരസിക്കുകയാണുണ്ടായത്. ജയിലിൽ അടയ്ക്കപ്പെട്ടതായി പരിഗണിച്ചിരുന്നതിനാൽ ഇന്ത്യൻ നിയമപ്രകാരം വോട്ടുചെയ്യുന്നതിനുള്ള അവകാശം അന്നവൾക്കുണ്ടായിരുന്നില്ല.

ജുഡീഷ്യൽ കസ്റ്റഡിയുടെ പ്രതിവർഷ കാലാവധി തീർന്നിരുന്ന മാർച്ച് മാസത്തിൽ പതിവായി നടക്കാറുള്ള ഷർമ്മിളയുടെ താത്കാലിക മോചനം ദേശീയ മാദ്ധ്യമങ്ങൾ എന്നും പുതുമോടിയോടെ കൈകാര്യം ചെയ്തിരുന്നു. നിരാഹാരം തുടരുമെന്ന് അവൾ വീണ്ടും പ്രഖ്യാപിക്കുന്നതോടെ 24 മണിക്കൂറിനുള്ളിൽ ആത്മഹത്യാക്കുറ്റത്തിന് അവൾ വീണ്ടും അറസ്റ്റ് ചെയ്യപ്പെടും. ഇതല്ലാത്ത ഒരു സമയത്ത് അവൾ വാർത്തകളിൽ നിറഞ്ഞുനിന്നത് 2011 ആഗസ്റ്റിൽ ആയിരുന്നു. അണ്ണ ഹസാരെയുടെ നേതൃത്വത്തിൽ അഴിമതിക്കെതിരായി നടക്കുന്ന ഉപവാസത്തിൽ പങ്കുചേരാൻ അവളെ ടീം അണ്ണ ക്ഷണിച്ചത് അപ്പോഴാണ്. അവൾ മറുപടിയായി ഇങ്ങനെ കുറിച്ചു; "നിങ്ങൾ ഗൗരവമായി പറഞ്ഞതാണെങ്കിൽ, എന്നെ സ്വതന്ത്രയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട അധികാരികളോട് ആവശ്യപ്പെടുക. എല്ലാ തിന്മകളും വേരാഴ്ത്തിയിരിക്കുന്നത് അഴിമതിയിലാണ് എന്നതിനാൽ അഴിമതിയെ തുടച്ചുനീക്കുന്നതിനുള്ള നിങ്ങളുടെ പോരാട്ടത്തിൽ പങ്കുചേരാൻ ഞാൻ ഇഷ്ടപ്പെടുന്നു. അതിലും നല്ലത്, ലോകത്തിലെ തന്നെ ഏറ്റവും വലിയ അഴിമതി ബാധിത പ്രദേശമായ മണിപ്പൂരിലേക്ക് നിങ്ങൾ വരുന്നതായിരിക്കും." മണിപ്പൂരിലെ പ്രാദേശിക പത്രങ്ങൾ ടീം അണ്ണയുടെ ക്ഷണത്തെ പരിഹസിച്ചു. ഒരു ദശാബ്ദത്തിലേറെയായി നിരാഹാര സമരം തുടരുന്ന ഷർമ്മിളയെ ക്ഷണിക്കുന്നതിലൂടെ തനിക്ക് ശ്രദ്ധ കിട്ടുന്നതിനായി ശ്രമിക്കുന്ന ഒരു ഗാന്ധിയനാണ് അണ്ണാ ഹസാരെയെന്ന് സാൻഗായ് എക്സ്പ്രസ് എന്ന പത്രം പരിതപിച്ചു. "മഹാത്മ ഗാന്ധി ഇന്ന് ജീവിച്ചിരുന്നെങ്കിൽ അദ്ദേഹം ഉറപ്പായും അഫ്സ്പയ്ക്കെതിരെ പോരാടുമായിരുന്നു" എന്നും ഷർമ്മിള അന്ന് മാദ്ധ്യമങ്ങളോട് പറഞ്ഞു.

വിവാഹവും കുടുംബജീവിതവുമായി വളരെ സാധാരണമായ ഒരു ജീവിതരീതിയാകാം ഒരുപക്ഷെ അവൾ തിരഞ്ഞെടുക്കാൻ പോകുന്നത്. വൈകാരികമായ പ്രതികരണങ്ങൾ അതിനെതിരെ ഉണ്ടാകേണ്ടതില്ല. അഫ്സ്പ മൂവ്മെന്റിന്റെ 'പോസ്റ്റർ ഗേൾ' എന്ന പ്രതിച്ഛായ ഉപേക്ഷിച്ച്, ജനാധിപത്യ രീതിയിൽ വ്യത്യസ്തമായ ഒരു സമരത്തിന് അവൾ തുടക്കം കുറിക്കുകയാണെങ്കിൽ തീർച്ചയായും നമ്മൾ അവളെ ബഹുമാനിക്കണം. ശാരീരികവും മാനസികവുമായ ആരോഗ്യം ബലികൊടുത്തുകൊണ്ട് നടത്തിയ ആ സമരത്തിന്റെ പ്രതീകമായി ഇനിയും അവൾ തുടരും. ശക്തമായ ഒരു അധികാരസ്ഥാപനത്തെ ചൂണ്ടക്കൊളുത്തിൽ നിർത്താൻ അവൾക്കു കഴിഞ്ഞു. അവളുടെ മനക്കരുത്ത് കാലത്തെ അതിജീവിച്ചു. മാതൃകാപരമായ അവരുടെ പോരാട്ടം എക്കാലത്തും ഒരു പ്രചോദനമായി നിലനിൽക്കും. ഇന്നും എന്നും അവൾതന്നെയാകും മണിപ്പൂരിന്റെ 'ഉരുക്കു വനിത'.

'അസാധാരണത്വത്തിൽ' നിന്നും 'സാധാരണത്വത്തി'ലേക്കുള്ള ഈ സ്ഥാനാന്തരം ഷർമ്മിളയെപ്പോലെയുള്ള ഒരാളെ ഒരിക്കലും ബാധിക്കില്ല, കാരണം ഹൃദയം കൊണ്ട് അവൾ ഒരു കുട്ടിയാണ്. 'കുട്ടിയെപ്പോലെ' എന്ന ഷർമ്മിളയുടെ കവിതയിൽ, അധികാരമോ അമിതാഘോഷങ്ങളോ ഇല്ലാത്ത ഒരു ജീവിതത്തോടുള്ള അവളുടെ അതിയായ അഭിലാഷം അവൾ പ്രകടമാക്കുന്നുണ്ട്.

"ആരോടും പകയില്ലാതെ
ആരെയും മുറിവേൽപ്പിക്കാതെ
നാവുവളയാതെ
എന്നെ ജീവിക്കാൻ അനുവദിക്കുക.
മൂന്നുമാസം പ്രായമുള്ള
ഒരു കുട്ടിയെപ്പോലെ..." ■

